# ഡിജിറ്റൽ മാധ്യമ നൈതിക നിയമാവലി

**ഇൻഫർമേഷൻ ടെക്നോളജി (മധ്യതല മാർഗനിർദേശങ്ങളും ഡിജിറ്റൽ മാധ്യമ നൈതിക നിയമാവലിയും ) നിയമം 2021**

**ആവർത്തിച്ച് ഉന്നയിക്കപ്പെടുന്ന ചോദ്യങ്ങൾ**



सत्यमेव जयते

വാർത്താവിതരണ
പ്രക്ഷേപണ
മന്ത്രാലയം

## ആവർത്തിച്ച് ഉന്നയിക്കപ്പെടുന്ന ചോദ്യങ്ങൾ

### ഭാഗം 1 : അടിസ്ഥാനപരമായ വിവരങ്ങൾ

**1. ഇൻഫർമേഷൻ ടെക്നോളജി (മധ്യതല മാർഗനിർദേശങ്ങളും ഡിജിറ്റൽ മാധ്യമ നൈതിക നിയമാവലിയും) നിയമം 2021 ന്റെ പ്രസക്തി എന്താണ്?**

ഏതാനും വർഷങ്ങളായി ഡിജിറ്റൽ മാധ്യമം വളരുകയാണ്. ഇന്റർനെറ്റിൽ ഓൺലൈൻ പോർട്ടലുകൾ, ഒ.ടി.ടി. പ്ലാറ്റ്ഫോമുകൾ തുടങ്ങി പലതും വന്നു. ഈ നിയമങ്ങൾ ഇത്തരം സങ്കേതങ്ങൾക്ക് സ്ഥാപനപരമായ സംവിധാനമൊരുക്കുകയും മാധ്യമപ്രവർത്തകരുടെയും കലാകാരൻമാരുടെയും സ്വാതന്ത്ര്യം ഉയർത്തിപ്പിടിക്കുന്നതിനൊപ്പം പൗരൻമാരെ ശാക്തീകരിക്കുന്നതിനും ഹാനികരമായ ഉള്ളടക്കത്തിൽനിന്നു കുഞ്ഞുങ്ങൾക്കു സംരക്ഷണം ഉറപ്പാക്കുന്നതിനും സജ്ജീകരണം ഒരുക്കുകയും ചെയ്യുന്നു. നിയമങ്ങൾ സുസ്ഥിരവും ദീർഘകാലീനവുമായ വികാസം മാധ്യമ, വിനോദ മേഖലകൾക്ക് ഉറപ്പാക്കുന്നതോടൊപ്പം ഡിജിറ്റൽ മാധ്യമങ്ങളിലെ പുതിയ മാധ്യമ പ്രവർത്തകർക്ക് അംഗീകാരവും അവസരങ്ങളും നേടിക്കൊടുക്കുകയും ചെയ്യുന്നു.

**2. ഏത് സ്റ്റാറ്റ്യൂട്ട് പ്രകാരമാണ് നിയമങ്ങൾ നിയമങ്ങൾ നിർമ്മിച്ചിട്ടുള്ളത് ? ഇത് പാർലമെന്റിൽ അവതരിപ്പിക്കപ്പെടുമോ?**

പാർലമെന്റ് പാസ്സാക്കിയ നിയമമാണ് ദ് ഇൻഫർമേഷൻ ടെക്നോളജി ആക്റ്റ് 2000. ഈ നിയമത്തിന് കീഴിൽ രൂപം കൊടുത്തിട്ടുള്ള ചട്ടങ്ങൾ പാർലമെന്റിന്റെ മേശപ്പുറത്ത് വയ്ക്കും.

**3. ഡിജിറ്റൽ വാർത്താ പ്രസാധകർക്കും ഒ.ടി.ടി. പ്ലാറ്റ്ഫോമുകൾക്കും എന്നു മുതലാണു നിയമം ബാധകമാവുക?**

2021 ഫെബ്രുവരി 25 നു നിയമം പ്രാബല്യത്തിൽ വന്നു.

**4. നിയമം വിശദമായി എവിടെ വായിക്കാനാകും ?**

മന്ത്രാലയത്തിന്റെ വെബ്സൈറ്റിൽ നിയമം ലഭ്യമാണ്.

https://mib.gov.in/digitalmedia/information-tecnology-inter-mediary-guidelines-and-digital-media-ethics-code-rules-2021.

**ഭാഗം 2: അടിസ്ഥാന സംജ്ഞകളും നിയമത്തിന്റെ സാധ്യതകളും**

**5. വിവര സാങ്കേതിക വിദ്യ (മധ്യവർത്തി മാർഗനിർദേശങ്ങളും ഡിജിറ്റൽ മാധ്യമ നൈതിക നിയമാവലിയും) നിയമം 2021ന്റെ പരിധിയിൽ ഏതൊക്കെ തരത്തിലുള്ള സ്ഥാപനങ്ങളാണ് ഉൾപ്പെടുക?**

വാർത്തയും ആനുകാലിക വിവരങ്ങളും പ്രസിദ്ധീകരിക്കുന്നവർക്കും വൈദഗ്ധ്യത്തോടെ തയ്യാറാക്കിയ ഉള്ളടക്കം (സാധാരണയായി ഒ.ടി.ടി. പ്ലാറ്റ്ഫോമുകൾ എന്നു വിളിക്കപ്പെടുന്നവ) പ്രസിദ്ധീകരിക്കുന്നവർക്കും ഇവയുമായി ബന്ധപ്പെട്ടവർക്കും.




**6. ഈ നിയമങ്ങൾ നടപ്പാക്കുന്നത് ഇലക്ട്രോണിക്സ്, വിവര സാങ്കേതിക മന്ത്രാലയമാണോ അതോ വാർത്താവിതരണ പ്രക്ഷേപണ മന്ത്രാലയമാണോ?**

ചട്ടങ്ങളുടെ രണ്ടാം ഭാഗം ഇടനിലക്കാരുമായി ബന്ധപ്പെട്ടതാണ്. ഇലക്ട്രോണിക്സ് & വിവരസാങ്കേതികവിദ്യ മന്ത്രാലയത്തിനാണ് ഇതിന്റെ ചുമതല. മൂന്നാം ഭാഗം ഡിജിറ്റൽ വാർത്താ പ്രസാധകരുമായും, ഒടിടി പ്ലാറ്റുഫോമുകളുമായും ബന്ധപ്പെട്ടിരിക്കുന്നു. ഇതിന്റെ ചുമതല വാർത്ത വിതരണ പ്രക്ഷേപണ മന്ത്രാലയത്തിനാണ്.




**7. ഡിജിറ്റൽ മീഡിയയിൽ വാർത്തകളുടെയും വർത്തമാനകാല സാമൂഹ്യ രാഷ്ട്രീയ സംഭവവികാസങ്ങളുടെയും പ്രസാധകർ എന്ന അസ്തിത്വം ആർക്കാണ് ?**

ഒരു ഓൺലൈൻ പേപ്പർ, ന്യൂസ് പോർട്ടൽ, വാർത്താ സംഗ്രഹകർ, വാർത്താ ഏജൻസി മുതലായവ വാർത്തകളുടെയും വർത്തമാനകാല സാമൂഹ്യ-രാഷ്ട്രീയ സംഭവവികാസങ്ങളുടെയും പ്രസാധകരാണ്. ഉള്ളടക്കം പോലുള്ള സമാനപ്രവർത്തനങ്ങൾ ചെയ്യുന്നവരും വാർത്തകളുടെയും വർത്തമാനകാല സാമൂഹ്യ രാഷ്ട്രീയ സംഭവവികാസങ്ങളുടെ ഉള്ളടക്കത്തിന്റെയും പ്രസാധകർ കൂടിയാണ്.

**8. ഓൺലൈൻ പരിപാലിക്കുന്ന ഉള്ളടക്കത്തിന്റെ പ്രസാധകൻ ആരാണ് ?**

വൈദഗ്ധ്യമേറിയ ഓൺലൈൻ ഉള്ളടക്കം പ്രസാധനം ചെയ്യുന്നവർ

പൊതുവേ ഒ.ടി.ടി. പ്ലാറ്റ്ഫോമുകൾ എന്ന് അറിയപ്പെടുന്നു. നെറ്റ്ഫ്ളിക്സ്, ആമസോൺ പ്രൈം, സീ5, ആൾട്ട് ബാലാജി എന്നിവ ഉദാഹരണങ്ങൾ. ഈ പ്രസാധകർ തങ്ങളുടെ പ്ലാറ്റ്ഫോമിൽ ഉൾപ്പെടുത്തേണ്ട പരിപാടികൾ, ചലച്ചിത്രങ്ങൾ, വെബ് പരമ്പരകൾ എന്നിവ സംബന്ധിച്ചു തീരുമാനം കൈക്കൊള്ളുകയും അതു പ്രേക്ഷകർക്കു ലഭ്യമാക്കുകയും ചെയ്യുന്നു.

**9. ഓൺലൈൻ വിദഗ്ധ ഉള്ളടക്കം എന്നാലെന്താണ്?**

ഒ.ടി.ടി. പ്ലാറ്റ്ഫോമുകളിൽ പ്രേക്ഷകർക്കായി ലഭ്യമാക്കുന്ന ചലച്ചിത്രങ്ങൾ, വെബ് പരമ്പരകൾ തുടങ്ങിയ ദൃശ്യ ശ്രാവ്യ ഉള്ളടക്കമാണ് ഓൺലൈൻ വിദഗ്ധ ഉള്ളടക്കം.

**10.ആവശ്യത്തിനനുസരിച്ചു ലഭ്യമാകുന്ന ഉള്ളടക്കമായി ഇന്റർനെറ്റിലെ ഏതു തരം ഉള്ളടക്കത്തെയാണു കാണാൻ സാധിക്കുക?**

ഉപഭോക്താവിനോ വരിക്കാരനോ പ്രേക്ഷകനോ താൻ ഇഷ്ടപ്പെടുന്ന സമയത്തു ലഭ്യമാകുന്ന ഉള്ളടക്കത്തെ ആവശ്യത്തിനനുസരിച്ചു ലഭ്യമാകുന്ന ഉള്ളടക്കമെന്നു വിളിക്കാം.

**11. അടുത്തിടെ നടന്ന സംഭവങ്ങളെ കുറിച്ചുള്ള അഭിപ്രായങ്ങൾ ഉൾപ്പെടെ വിവിധ തരം ഉള്ളടക്കം ഇന്റർനെറ്റിൽ പോസ്റ്റ് ചെയ്യുന്ന സാധാരണക്കാരും പ്രസാധകരാണോ?**

വാണിജ്യാടിസ്ഥാനത്തിലല്ലാതെ ഇന്റർനെറ്റിൽ പോസ്റ്റിടുന്ന സാധാരണ ഉപയോക്താക്കൾ വാർത്താ, ആനുകാലിക വിഷയ ഉള്ളടക്കം പ്രസാധനം ചെയ്യുന്നവരിൽ പെടില്ല.

**12. പ്രസാധകരുടെ വെബ്സൈറ്റുകൾക്കു മാത്രമാണോ നിയമം ബാധകം?**

പ്രചരിപ്പിക്കുന്ന ഏതു വിധത്തിലുള്ള ഉള്ളടക്കത്തിന്റെ കാര്യത്തിലും പ്രസാധകർ നിയമം പാലിക്കേണ്ടതുണ്ട്.

## ഭാഗം മൂന്ന് : വാർത്തയും ആനുകാലിക വിഷയങ്ങളും പ്രസിദ്ധീകരിക്കുന്നവർക്കുള്ള നൈതിക നിയമാവലി


**13. ഡിജിറ്റൽ വാർത്താ പ്രസാധകർക്കുള്ള നൈതിക നിയമാവലി യെന്താണ്?**

- പ്രസ് കൗൺസിൽ ഓഫ് ഇന്ത്യയുടെ പത്രപ്രവർത്തന മാർഗരേഖയിലെ വ്യവസ്ഥകൾ https://presscouncil.nic.in/ Write ReadDa- ta/Pdf/NORMSTWOZEROONEININE.pdf
- കേബിൾ ടെലിവിഷൻ ശൃംഖല (നിയന്ത്രണ) നിയമം, 1995 പരിച്ഛേദം അഞ്ചിനു കീഴിലുള്ള പരിപാടികളെ സംബന്ധിച്ച നിയമാവലി https://www.mib.gov.in/broadcasting/programme -and-adver-tising-codse
- നിലവിൽ ഏതെങ്കിലും നിയമമനുസരിച്ച് നിരോധിക്കപ്പെട്ടി ട്ടുള്ള ഉള്ളടക്കം പ്രസിദ്ധീകരിക്കാനോ സംപ്രേഷണം ചെയ്യാനോ പാടില്ല.

**14. നൈതിക നിയമാവലി വാർത്താ പ്രസാധകർക്ക് പുതിയ നിയന്ത്രണങ്ങൾ കൂട്ടി ചേർക്കുന്നുണ്ടോ?**

ഡിജിറ്റൽ വാർത്താ പ്രസാധകർക്കായുള്ള നൈതിക നിയമാവലി അവർ നിലവിലുള്ള നിയമങ്ങൾ പാലിക്കുന്നുവെന്ന് വ്യവസ്ഥ ചെയ്യുന്നു; പുതിയ നിയമമോ നിയന്ത്രണങ്ങളോ നിർദ്ദേശിച്ചിട്ടില്ല. .ചില വാർത്താ വെബ്സൈറ്റുകൾ ഇതിനകം തന്നെ അച്ചടി, ടിവി വാർത്താ മാധ്യമങ്ങൾക്കായുള്ള മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടാ വാം. നൈതിക നിയമാവലി ഡിജിറ്റൽ വാർത്തകൾ അച്ചടി മാധ്യമ ങ്ങൾക്ക് ബാധകമായ മാധ്യമ പ്രവർത്തന രീതിയും ടെലിവിഷന് ബാധകമായ കേബിൾ ടെലിവിഷൻ ശൃംഖലാ നിയന്ത്രണ നിയമവും സംബന്ധിച്ച വീക്ഷണങ്ങൾ ബാധകമാകുക വഴി വാർത്താ മാധ്യമ വ്യവസായത്തിൽ തുല്യത സൃഷ്ടിക്കാൻ മാത്രമേ ഉദ്ദേശിച്ചിട്ടുള്ളൂ.




## ഭാഗം നാല്: ഓൺലൈൻ വിദഗ്ധ ഉള്ളടക്കം(ഒ.ടി.ടി. പ്ലാറ്റ്ഫോം) പ്രസിദ്ധീകരിക്കുന്നവർക്കുള്ള നൈതിക നിയമാവലി

### 15. ഒ.ടിടി. പ്ലാറ്റ്ഫോമുകൾക്കായുള്ള നൈതിക നിയമാവലി എന്താണ്?

ഒ.ടി.ടി. പ്ലാറ്റ്ഫോമുകൾക്കായുള്ള നൈതിക നിയമാവലിയിൽ താഴെ പറയുന്ന ഘടകങ്ങൾ ഉൾപ്പെടുന്നു :

- നിരോധിത ഉള്ളടക്കവുമായി ബന്ധപ്പെട്ട പൊതുതത്വങ്ങളും പ്ലാറ്റ്ഫോമുകൾ ഉചിതമായ ജാഗ്രതയും വിവേചനാധികാരവും പാലിക്കേണ്ട ഉള്ളടക്കവും.
- പ്രായത്തെ അടിസ്ഥാനമാക്കിയുള്ള വിഭാഗത്തിനനുസരിച്ച് ഉള്ളടക്കം തരംതിരിക്കലും ഉള്ളടക്കം വർഗീകരിക്കലും
- ഉള്ളടക്ക വർഗ്ഗീകരണത്തിന്റെയും ഉള്ളടക്ക വിവരണങ്ങളുടെയും പ്രദർശനം കുട്ടികൾ ചില ഉള്ളടക്കങ്ങളിലേക്കു കടന്നെത്തുന്നത് ഒഴിവാക്കുന്നതിനായി പ്രായം വെച്ചുള്ള നിയന്ത്രണം, രക്ഷാകർതൃ താഴുകൾ, പ്രായപരിധി നിർണ്ണയിക്കൽ എന്നിവ
- വൈകല്യമുള്ളവർക്ക് ഉള്ളടക്കം ലഭിക്കുന്നതിനുള്ള സംവിധാനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ

**16. നൈതിക നിയമാവലിയുടെ ഭാഗമായി ഒടിടി പ്ലാറ്റ്‌ഫോമുകൾ കരുതിയിരിക്കേണ്ട പൊതുതത്ത്വങ്ങൾ എന്തൊക്കെയാണ് ?**

നൈതിക നിയമാവലിയുടെ ഭാഗമായി ഒടിടി പ്ലാറ്റ്‌ഫോമുകൾ നിരീക്ഷിക്കേണ്ട പൊതുതത്ത്വങ്ങളിൽ ഇവ ഉൾപ്പെടുന്നു:

- ഏതെങ്കിലും നിയമപ്രകാരം നിരോധിച്ചിരിക്കുന്ന, അല്ലെങ്കിൽ അധികാരപരിധിയിൽ ഏതെങ്കിലും കോടതി നിരോധിച്ചിരിക്കുന്ന, ഏതെങ്കിലും ഉള്ളടക്കം പ്രസിദ്ധീകരിക്കരുത്.
- ഇന്ത്യയുടെ പരമാധികാരത്തെയും സമഗ്രതയെയും ബാധിക്കുന്ന ഉള്ളടക്കത്തിന്റെ കാര്യത്തിൽ സംഭവിക്കാവുന്ന തിരിച്ചടികൾ തിരിച്ചറിഞ്ഞ് കൃത്യമായ ജാഗ്രതയും വിവേചനാധികാരവും പ്രയോഗിക്കുക. രാജ്യസുരക്ഷയെ ഭീഷണിപ്പെടുത്തുകയോ അപകടപ്പെടുത്തുകയോ ചെയ്യുക ; വിദേശ രാജ്യങ്ങളുമായുള്ള ഇന്ത്യയുടെ സൗഹൃദ ബന്ധത്തിന് ഹാനികരമാകുക; അല്ലെങ്കിൽ അക്രമത്തിന് പ്രേരിപ്പിക്കുകയോ പൊതുക്രമം പരിപാലിക്കുന്നതിനെ തടസ്സപ്പെടുത്തുകയോ ചെയ്യുക എന്നീ സ്വഭാവങ്ങളുള്ള ഉള്ളടക്കം കൈകാര്യം ചെയ്യുന്നതിൽ ശ്രദ്ധ വേണം.
- ഇന്ത്യയുടെ ബഹുവംശ-ബഹുമത പശ്ചാത്തലം കണക്കിലെടുക്കുകയും ഏതെങ്കിലും വംശത്തിന്റെ അല്ലെങ്കിൽ മതവിഭാഗത്തിന്റെ പ്രവർത്തനങ്ങൾ, വിശ്വാസങ്ങൾ, ആചാരങ്ങൾ അല്ലെങ്കിൽ കാഴ്ചപ്പാടുകൾ എന്നിവ അവതരിപ്പിക്കുമ്പോൾ ജാഗ്രതയോടെയും വിവേചനാധികാരത്തോടെയും പ്രവർത്തിക്കുകയും ചെയ്യുക.

**17. ഓൺലൈൻ വിദഗ്ധ ഉള്ളടക്കത്തിൽ പ്രദർശിപ്പിക്കേണ്ട വിവിധ ഉള്ളടക്ക ഘടകങ്ങൾ ഏതൊക്കെയാണ്?**

ഒടിടി പ്ലാറ്റ്‌ഫോമുകൾ ഓരോ ഉള്ളടക്കത്തിനും പ്രോഗ്രാം, വെബ് പരമ്പര മുതലായവയ്ക്കായി പ്രായത്തെ അടിസ്ഥാനമാക്കിയുള്ള ഉള്ളടക്ക വർഗീകരണവും ഉള്ളടക്ക വിവരണവും പ്രദർശിപ്പിക്കണം. ബാധകമെങ്കിൽ, പരിപാടിയുടെ തുടക്കത്തിൽ കാഴ്ചക്കാരന്റെ വിവേചനാധികാരത്തെക്കുറിച്ച് പരാമർശിക്കുന്ന ഒരു ഉപദേശവും പ്രസാധകന് പ്രദർശിപ്പിക്കണം.

**18. അഞ്ച് തട്ടായുള്ള പ്രായം അടിസ്ഥാനമാക്കിയുള്ള തരംതിരിക്കലിനുള്ള അടിസ്ഥാനം എന്താണ്? അതെങ്ങനെയാണ് ഉപഭോക്താക്കൾക്കു സഹായകമാവുക?**

അന്തർദ്ദേശീയ പരിശീലനത്തെ അടിസ്ഥാനമാക്കിയുള്ള പ്രായത്തെ അടിസ്ഥാനമാക്കിയുള്ള തരംതിരിക്കൽ മാനദണ്ഡം വൈകാരികമോ ഹാനികരമായ ഉള്ളടക്കത്തിൽ നിന്നും കുട്ടികളെ സംരക്ഷിക്കുന്നതിനായാണ്. കുട്ടികളുടെ മനസ്സിനെ രൂപപ്പെടുത്തുന്നതിലും വികസിപ്പിക്കുന്നതിലും വിദ്യാഭ്യാസവും മാധ്യമവും പ്രധാന പങ്ക് വഹിക്കുന്നതിനാൽ, പ്രായം അടിസ്ഥാനമാക്കിയുള്ള അഞ്ചു വിഭാഗങ്ങൾ തങ്ങളുടെ കുട്ടികളെ ഉപയോഗിക്കാൻ അനുവദിക്കാവുന്ന ഉള്ളടക്കത്തെക്കുറിച്ച് മുൻകൂട്ടി തീരുമാനമെടുക്കാൻ മാതാപിതാക്കളെ സഹായിക്കും.

**19. ഓൺലൈൻ വിദഗ്ധ ഉള്ളടക്കം തരംതിരിക്കാവുന്ന വിവിധ പ്രായാധിഷ്ഠിത വിഭാഗങ്ങൾ ഏതൊക്കെയാണ് ?**

ഓൺലൈൻ വിദഗ്ധ ഉള്ളടക്കം താഴെ പറയുന്ന പ്രായാധിഷ്ഠിത വിഭാഗങ്ങളായി തിരിക്കും.

| ക്രമ നമ്പർ | ഉള്ളടക്കത്തിന്റെ പ്രകൃതം (ഏതു വിഭാഗത്തിനു യോജിച്ചത്) | വർഗീകരണം |
|---|---|---|
| 1 | പ്രായഭേദമില്ലാതെ എല്ലാവർക്കും ലഭ്യമാകുന്നത്. അതിനാൽ കുടുംബങ്ങൾക്കു യോജിച്ചത് | യു |
| 2 | ഏഴു വയസ്സും അതിനു മീതെയും പ്രായമുള്ളവർക്കായി ഉള്ളത്. രക്ഷിതാക്കളുടെ മാർഗനിർദേശത്തിനു വിധേയമായി ഏഴു വയസ്സിനു കീഴെ പ്രായമുള്ളവർക്കും കാണാവുന്നത് | യു/എ 7+ |
| 3 | 13 വയസ്സും അതിനു മീതെയും പ്രായമുള്ളവർക്കായി ഉള്ളത്. 13 വയസ്സിനു താഴെ പ്രായമുള്ളവർക്ക് രക്ഷിതാക്കളുടെ മാർഗനിർദേശത്തിനു വിധേയമായി കാണാവുന്നത് | യു/എ 13+ |
| 4 | 16 വയസ്സും അതിനു മീതെയും പ്രായമുള്ളവർക്കായി ഉള്ളത്, 16 വയസ്സിനു താഴെ പ്രായമുള്ളവർക്ക് രക്ഷിതാക്കളുടെ മാർഗനിർദേശത്തിനു വിധേയമായി കാണാവുന്നത് | യു/എ 16+ |
| 5 | മുതിർന്നവർക്കു മാത്രമായുള്ളത് | എ |

**20. ഒ.ടി.ടി. പ്ലാറ്റ്ഫോമുകളിൽ എന്തെങ്കിലും സെൻസർഷിപ്പ് ഉണ്ടോ ?**

നിയമങ്ങളിൽ സെൻസർഷിപ്പ് വ്യവസ്ഥകളൊന്നും അടങ്ങിയിട്ടില്ല. ഒ.ടി.ടി. പ്ലാറ്റ്ഫോമുകളുടെ ഉള്ളടക്കം അവർ സ്വയം തരംതിരിക്കും.

**21. ഉള്ളടക്കത്തിന്റെ വർഗീകരണത്തിനായി പരിഗണിക്കേണ്ട ഘടകങ്ങൾ എന്തൊക്കെയാണ് ?**

ഉള്ളടക്കത്തെ താഴെ പറയുന്നവ അടിസ്ഥാനമാക്കി തരംതിരിക്കാം.

i) പ്രമേയങ്ങളും സന്ദേശങ്ങളും; ii) അക്രമം; iii) നഗ്നത ; iv) ലൈംഗികത; v) ഭാഷ; vi) മയക്കുമരുന്ന്, മയക്കുമരുന്ന് ഉപയോഗം; ഒപ്പം (vii) ഭീകരത. ചട്ടങ്ങളുടെ ഷെഡ്യൂളിൽ ഇവ വിവരിച്ചിട്ടുണ്ട്.

**22. പ്രോഗ്രാമിന്റെ ഉള്ളടക്ക വിവരണത്തിൽ എന്ത് വിശദാംശങ്ങൾ പരാമർശിക്കണം?**

ഉള്ളടക്കത്തിന്റെ വിശദീകരണത്തിൽ ഒരു ചലച്ചിത്രത്തിന്റെ വിവിധ വശങ്ങൾ, വെബ് പരമ്പര തുടങ്ങിയവയുടെ വിവിധ ഘടകങ്ങൾ വിവരിക്കേണ്ടതാണ്. ഈ വശങ്ങൾ നിയമവിരുദ്ധമോ ഹാനികരമോ ആയ വസ്തുക്കളുടെ ചിത്രീകരണം, അനുകരണീയമായ പെരുമാറ്റം, നഗ്നത, ഭാഷ, ലൈംഗികത, അക്രമം, ഭയം, ഭീഷണി, ഭീകരത മുതലായവയുമായി ബന്ധപ്പെട്ടിരിക്കുന്നു.

**23. കുട്ടികൾ ഹാനികരമായ ഉള്ളടക്കം കാണുന്നില്ലെന്ന് എങ്ങനെ ഉറപ്പാക്കും?**

'യു/എ 13+' അല്ലെങ്കിൽ ഉയർന്ന വിഭാഗത്തിൽപെടുത്തിയ ഉള്ളടക്കത്തിനായി, രക്ഷാകർതൃ താഴുകൾ പോലുള്ള ലഭ്യതാ നിയന്ത്രണ സംവിധാനങ്ങൾ ഒ.ടി.ടി. പ്ലാറ്റ്ഫോം നടപ്പിലാക്കും. 'എ' വിഭാഗത്തിൽ പെടുത്തിയ ഉള്ളടക്കത്തിന്റെ കാര്യത്തിൽ അത്തരം ഉള്ളടക്കത്തിന്റെ കാഴ്ചക്കാർക്കായി വിശ്വസനീയമായ പ്രായ പരിശോധനാ സംവിധാനം നടപ്പിലാക്കും.

**24. നിയമങ്ങൾ ഇന്ത്യയിലെ ഒ.ടി.ടി. വ്യവസായത്തിന്റെ വളർച്ചയെ എങ്ങനെ പ്രോത്സാഹിപ്പിക്കുന്നു?**

നിയമങ്ങൾ ഡിജിറ്റൽ മീഡിയ സംവിധാനത്തിൽ കൂടുതൽ വളർച്ച കൈവരിക്കും. സുസ്ഥിരമായ ഒരു സ്ഥാപന സംവിധാനം നിക്ഷേപത്തെ ആകർഷിക്കുന്നതിനും തൊഴിൽ സൃഷ്ടിക്കുന്നതിനും സഹായകമാവുകയും ഒ.ടി.ടി. വിഭാഗത്തിൽ വിശേഷിച്ചും ശബ്ദ-ശ്രാവ്യ സേവന മേഖലയിൽ പൊതുവായും വളർച്ച സാധ്യമാക്കുന്നതിനും സഹായകമാകും.

**25. നിർദ്ദിഷ്ട നൈതിക കോഡ് കലാപരമായ സ്വാതന്ത്ര്യത്തെയും സർഗ്ഗാത്മകതയെയും എങ്ങനെ പ്രോത്സാഹിപ്പിക്കുന്നു ?**

കലാപരമായ സ്വാതന്ത്ര്യവും അഭിപ്രായ സ്വാതന്ത്ര്യവും പ്രകടിപ്പിക്കാനുള്ള സ്വാതന്ത്ര്യവും ഉറപ്പാക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ചലച്ചിത്രങ്ങൾ സാക്ഷ്യപ്പെടുത്തുന്നതിനുള്ള കേന്ദ്ര ബോർഡിന്റെ പങ്കാളിത്തമില്ലാതെ ഒടിടി പ്ലാറ്റ്ഫോമുകൾക്ക് ഉള്ളടക്കത്തിന്റെ സ്വയം വർഗ്ഗീകരണത്തിന് നിയമങ്ങൾ വ്യവസ്ഥ ചെയ്യുന്നു. ഇക്കാര്യത്തിൽ, അംഗീകാരം നൽകുന്നതിനായുള്ള വിശാലമായ മാർഗ്ഗനിർദ്ദേശങ്ങളും ചട്ടങ്ങളിൽ നൽകിയിട്ടുണ്ട്. അതിനാൽ, നിയമങ്ങൾ കലാപരമായ സർഗ്ഗാത്മകത പ്രകടിപ്പിക്കുന്നതിനും വിനോദ മേഖലയിലെ ഗുണനിലവാരമുള്ള ഉള്ളടക്കം വികസിപ്പിക്കുന്നതിനുമുള്ള അവസരങ്ങൾ സൃഷ്ടിക്കും.

**26. ഒ.ടി.ടി. പ്ലാറ്റ്ഫോമുകൾക്കായുള്ള നിയമങ്ങൾ ഉപഭോക്താക്കളുടെ തിരഞ്ഞെടുപ്പിനെ എങ്ങനെ പ്രോത്സാഹിപ്പിക്കും ?**

നിയമങ്ങൾ കാഴ്ചക്കാരെയും ഉപഭോക്താക്കളെയും ശാക്തീകരിക്കുന്നു. ഒ.ടി.ടി. പ്ലാറ്റ്ഫോമുകൾ വർഗീകരണവും ഉള്ളടക്ക വിവരണവും പ്രദർശിപ്പിച്ചുള്ള സ്വയം വർഗ്ഗീകരണം നിയമങ്ങൾ നിർദ്ദേശിക്കുന്നു. കാണുന്നതിന് അവർ തിരഞ്ഞെടുക്കുന്ന ഉള്ളടക്കത്തെക്കുറിച്ച് അറിഞ്ഞുള്ള തീരുമാനങ്ങൾ എടുക്കാൻ ഈ ചട്ടക്കൂട് പ്രേക്ഷകരെ പ്രാപ്തമാക്കുന്നു. പ്രവേശന നിയന്ത്രണവും ചില ഉള്ളടക്കത്തിനായുള്ള പ്രായ പരിശോധനാ സംവിധാനങ്ങളും കുട്ടികളെ ദോഷകരമായ ഉള്ളടക്കത്തിൽ നിന്ന് സംരക്ഷിക്കാൻ മാതാപിതാക്കളെ സഹായിക്കും.

**ഭാഗം അഞ്ച് : പരാതി പരിഹാര സംവിധാനം**

**27. ഡിജിറ്റൽ മീഡിയയിലെ ഉള്ളടക്കവുമായി ബന്ധപ്പെട്ട പൊതു പരാതികൾ കൈകാര്യം ചെയ്യുന്നതിനുള്ള സ്ഥാപനപരമായ സംവിധാനത്തിന്റെ മൂന്ന് തലങ്ങൾ ഏതാണ് ?**

പൊതു പരാതികൾ സമയബന്ധിതമായി പരിഹരിക്കും. നിയമങ്ങൾ ഈ ആവശ്യത്തിനായി ഒരു ത്രിതല സംവിധാനം ഒരുക്കുന്നു :-

- തലം I - പ്രസാധകരുടെ സ്വയം നിയന്ത്രണം
- തലം II - പ്രസാധകരുടെ സ്വയം നിയന്ത്രിത സംഘടനകളുടെ സ്വയം നിയന്ത്രണം
- തലം III - കേന്ദ്ര ഗവൺമെന്റിന്റെ മേൽനോട്ട സംവിധാനം.

**28. സ്വയം നിയന്ത്രിത സംവിധാനത്തിൽ പ്രസാധകർക്ക് എന്ത് സ്വാതന്ത്ര്യമാണ് ലഭിക്കുന്നത്? സംവിധാനത്തെ ഗവൺമെന്റ് നിയന്ത്രിക്കുന്നുണ്ടോ?**

സ്ഥാപനപരമായ സംവിധാനം സ്വയം നിയന്ത്രണത്തിന്റെ രണ്ട് തലങ്ങൾ സ്ഥാപിക്കുന്നു - തലം i പ്രസാധകനും തലം ii സ്വയം നിയന്ത്രിത സംഘടനയും. സ്വയം നിയന്ത്രിക്കുന്ന സംഘടന പ്രസാധകർ തന്നെ രൂപീകരിച്ച ഒരു വ്യാവസായിക സംഘടനയായിരിക്കും. സുപ്രീംകോടതിയിലെയോ ഹൈക്കോടതിയിലെയോ വിരമിച്ച ജഡ്ജിയോ, ഡിജിറ്റൽ മീഡിയാ വ്യവസായവുമായി ബന്ധപ്പെട്ട മേഖലകളിൽ നിന്നുള്ള പ്രമുഖ വ്യക്തിയോ അധ്യക്ഷനായുള്ള, പ്രശസ്തിയും ഉയർന്ന പദവിയുമുള്ള ഒരു സ്ഥാപനമായിരിക്കും. ആദ്യ രണ്ട് തലങ്ങളില് പരിഹരിക്കപ്പെടാത്ത കേസുകളില് മൂന്നാം തലത്തിൽ മേൽനോട്ട സംവിധാനം വഴി ഗവണ്മെന്റിന് സോഫ്റ്റ്-ടച്ച് പങ്കുണ്ട്.

**29. പരാതികൾ പരിഹരിക്കുന്നതിൽ പ്രസാധകന്റെ (ലെവൽ I) പങ്ക് എന്താണ്?**

ഓരോ പ്രസാധകനും പരാതി പരിഹാര സംവിധാനം സ്ഥാപിക്കുകയും പരാതികൾ സമയബന്ധിതമായി സ്വീകരിക്കുന്നതിനും പരിഹരിക്കുന്നതിനും ഇന്ത്യയിൽ ഒരു പരാതി ഉദ്യോഗസ്ഥനെ നിയമിക്കുകയും വേണം. പരാതി പരിഹാര സംവിധാനത്തിന്റെ വിശദാംശങ്ങൾ പ്രസാധകർ അതിന്റെ വെബ്സൈറ്റിലോ ഇന്റർഫേസിലോ ഉചിതമായ സ്ഥലത്ത് പ്രദർശിപ്പിക്കും. കൂടാതെ, ഓരോ പ്രസാധകനും സ്വയം നിയന്ത്രിക്കുന്ന ഒരു സംഘടനയിൽ അംഗമാകേണ്ടതുണ്ട്.

**30. പ്രസാധകന് ലഭിച്ച പരാതികളിൽ എത്ര സമയത്തിനുള്ളിൽ തീരുമാനമെടുക്കണം ?**

15 ദിവസത്തിനുള്ളിൽ പ്രസാധകൻ തീരുമാനം പരാതിക്കാരനെ അറിയിക്കണം.

**31. പരാതിക്കാരന് പ്രസാധകൻ കൈക്കൊണ്ട തീരുമാനത്തിനെതിരെ അപ്പീൽ നൽകാമോ ?**

നൽകാം, പ്രസാധകന് അംഗത്വമുള്ള സ്വയം നിയന്ത്രിത സംഘടനയിലേക്ക് പ്രസാധകന്റെ തീരുമാനത്തിനെതിരെ പരാതിക്കാരന് അപ്പീൽ നൽകാം. തീരുമാനം ലഭിച്ച് 15 ദിവസത്തിനുള്ളിൽ അത്തരമൊരു അപ്പീൽ നൽകാം.

**32. 15 ദിവസത്തിനുള്ളിൽ പ്രസാധകൻ പ്രതികരിക്കുന്നില്ലെങ്കിൽ എന്ത് സംഭവിക്കും ?**

15 ദിവസത്തിനുള്ളിൽ പ്രസാധകൻ പ്രതികരിക്കുന്നില്ലെങ്കിൽ, പ്രസാധകൻ അംഗമായിരിക്കുന്ന സ്വയം നിയന്ത്രിത സംഘടനക്ക് ഇക്കാര്യം നേരിട്ട് ഏറ്റെടുക്കാം.

**33. സ്വയം നിയന്ത്രിക്കുന്ന സംഘടന എങ്ങനെ രൂപപ്പെടും ?**

പ്രസാധകരോ അല്ലെങ്കിൽ അവരുടെ അസോസിയേഷനുകളോ നിയമ ത്തിലെ വ്യവസ്ഥകൾ അനുസരിച്ച് സ്വയം നിയന്ത്രിക്കുന്ന സംഘടനകൾ സ്ഥാപിച്ചേക്കാം.

**34. സ്വയം നിയന്ത്രിത സംഘടനയുടെ ഘടന എന്തായിരിക്കും ?**

സ്വയം നിയന്ത്രിത സംഘടനയ്ക്ക് നേതൃത്വം നൽകുന്നത് സുപ്രീം കോടതിയിലോ ഹൈക്കോടതിയിലോ നിന്നു വിരമിച്ച ജഡ്ജിയോ അല്ലെങ്കിൽ മാധ്യമം, പ്രക്ഷേപണം, വിനോദം, കുട്ടികളുടെ അവകാശങ്ങൾ തുടങ്ങിയ മേഖലകളിൽ നിന്നുള്ള ഒരു സ്വതന്ത്ര വ്യക്തിയോ ആയിരിക്കും. ഇതിൽ പരമാവധി ആറ് അംഗങ്ങൾ ഉണ്ടായിരിക്കും. ഇവർ ബന്ധപ്പെട്ട മേഖലകളിൽ നിന്നുള്ള വിദഗ്ധരായിരിക്കും.

**35. ഇന്ത്യയിലെ എല്ലാ പ്രസാധകർക്കും ഒരൊറ്റ സ്വയം നിയന്ത്രിത സംഘടന ഉണ്ടോ?**

ഒന്നിൽ കൂടുതൽ സ്വയം നിയന്ത്രിക്കുന്ന സംഘടനകൾ ഉണ്ടാകാം, പക്ഷേ ഒരു പ്രസാധകൻ സ്വയം നിയന്ത്രിക്കുന്ന സംഘടനയിൽ അംഗമായിരി ക്കണം.

**36. സ്വയം നിയന്ത്രിക്കുന്ന സംഘടനകളുടെ പ്രവർത്തനങ്ങൾ എന്തൊക്കെയാണ്?**

സ്വയം നിയന്ത്രിക്കുന്ന സംഘടന ഇനിപ്പറയുന്ന പ്രവർത്തനങ്ങൾ നിർവ്വ ഹിക്കും: -

- പ്രസാധകൻ നൈതിക നിയമാവലി പാലിക്കുന്നുണ്ടെന്ന് ഉറപ്പാ ക്കുക ; പതിനഞ്ച് ദിവസത്തിനുള്ളിൽ പ്രസാധകർ പരിഹരിക്കാത്ത പരാതികൾ പരിഗണിക്കുക;
- പ്രസാധകരുടെ തീരുമാനത്തിനെതിരെ പരാതിക്കാരൻ സമർപ്പിച്ച അപ്പീലുകൾ കേൾക്കുക;

- നൈതിക നിയമാവലി പാലിക്കുന്നുവെന്ന് ഉറപ്പാക്കുന്നതിന് പ്രസാധകർക്ക് മാർഗ്ഗനിർദ്ദേശങ്ങളോ ഉപദേശങ്ങളോ നൽകുക.

**37. സ്വയം നിയന്ത്രിക്കുന്ന സംഘടനകൾക്കു മന്ത്രാലയം രജിസ്ട്രേഷൻ നൽകുമോ?**

ചട്ടങ്ങളുടെ വ്യവസ്ഥകൾക്കനുസൃതമായി സംഘടന രൂപീകരിച്ചിട്ടുണ്ടെന്നും ചട്ടങ്ങളിൽ പറഞ്ഞിരിക്കുന്ന പ്രവർത്തനങ്ങൾ നിർവ്വഹിക്കാൻ സമ്മതിച്ചിട്ടു ണ്ടെന്നും വ്യക്തമാകുന്ന പക്ഷം സ്വയം നിയന്ത്രിക്കുന്ന സംഘടനകൾ മന്ത്രാലയം രജിസ്റ്റർ ചെയ്യും.

**38. സ്വയം നിയന്ത്രിക്കുന്ന ഒരു സംഘടനയ്ക്കു പ്രസാധകർക്ക് നൽകാൻ കഴിയുന്ന മാർഗ്ഗനിർദ്ദേശവും ഉപദേശവും എന്താണ് ?**

- പ്രസാധകന് മുന്നറിയിപ്പ്, സെൻസറിംഗ്, ഉദ്ബോധനം എന്നിവ നൽകൽ അല്ലെങ്കിൽ ശാസിക്കൽ അഥവാ
- പ്രസാധകനോടു ക്ഷമാപണം നടത്താൻ നിർദേശിക്കൽ അഥവാ
- ഒരു മുന്നറിയിപ്പ് കാർഡോ ബാധ്യതാ നിരാകരണമോ ഉൾപ്പെടു ത്താൻ പ്രസാധകനോട് ആവശ്യപ്പെടൽ അഥവാ
- ഓൺലൈൻ വിദഗ്ധ ഉള്ളടക്കത്തിന്റെ കാര്യത്തിൽ, പ്രസക്തമായ ഉള്ളടക്കത്തിന്റെ വർഗീകരണം പുതുക്കുക ; അഥവാ
    - ഉള്ളടക്ക വിശദീകരണി, പ്രായ വർഗ്ഗീകരണം, പ്രവേശന നിയന്ത്രണ നടപടികൾ എന്നിവയിൽ ഉചിതമായ മാറ്റം വരുത്തുക,
    - അല്ലെങ്കിൽ പ്രസക്തമായ ഉള്ളടക്കത്തിന്റെ സംഗ്രഹം എഡിറ്റുചെയ്യുക എന്നീ കാര്യങ്ങളിൽ പ്രസാധകനു മാർഗനിർദേശം നൽകുക

**39. സ്വയം നിയന്ത്രിക്കുന്ന സംഘടന എടുത്ത തീരുമാനത്തിനെതിരെ പരാതിക്കാരന് അപ്പീൽ നൽകാൻ കഴിയുമോ ?**

കഴിയും. തീരുമാനം കൈക്കൊണ്ട് 15 ദിവസത്തിനുള്ളിൽ സ്വയം നിയന്ത്രിത സംഘടനയുടെ മേൽനോട്ട സംവിധാനത്തിൽ പരാതിക്കാരന് അപ്പീൽ നൽകാം.

**40. ത്രിതല പരാതി പരിഹാര സംവിധാനത്തിന് കീഴിലുള്ള മേൽനോട്ട സംവിധാനം (തലം III) എന്തായിരിക്കും ?**

വാർത്താവിതരണ പ്രക്ഷേപണ മന്ത്രാലയവും മന്ത്രാലയം രൂപീകരിച്ച വിവിധ വകുപ്പുകൾ ഉൾപ്പെട്ട സമിതിയും മേൽനോട്ട സംവിധാനം സജ്ജമാക്കും.

**41. വിവിധ വകുപ്പുകൾ ഉൾപ്പെട്ട സമിതിയുടെ ഘടന എന്തായിരിക്കും ?**

മന്ത്രാലയം നിയോഗിക്കുന്ന അധികാരപ്പെട്ട ഉദ്യോഗസ്ഥനാണ് വിവിധ വകുപ്പുകളുടെ സമിതിയിൽ അധ്യക്ഷത വഹിക്കുക. ആഭ്യന്തര മന്ത്രാലയം, ഇലക്ട്രോണിക്സ് വിവരസാങ്കേതിക മന്ത്രാലയം മുതലായ മറ്റ് മന്ത്രാലയങ്ങളുടെയും സംഘടനകളുടെയും പ്രതിനിധികളും ഈ മേഖലയിലെ വിദഗ്ധരും ഇതിൽ ഉൾപ്പെടും.

**42. വിവിധ വകുപ്പുകൾ ഉൾപ്പെട്ട സമിതിയുടെ പങ്ക് എന്തായിരിക്കും ?**

തലം II / I ൽ നിന്ന് ഉയരുന്നതോ മന്ത്രാലയം ശുപാർശ ചെയ്യുന്നതോ ആയ പരാതികൾ വിവിധ വകുപ്പുകൾ ഉൾപ്പെട്ട സമിതി കേൾക്കുകയും മന്ത്രാലയ ത്തിന് ശുപാർശകൾ നൽകുകയും ചെയ്യും.

**43. പ്രസാധകരെ കേൾക്കാനും അവരുടെ മറുപടിയും വിശദീകരണങ്ങളും സമിതിക്കു മുന്നിൽ സമർപ്പിക്കാനും അവസരം നൽകുമോ?**

സമിതിക്കു ശുപാർശ ചെയ്യുന്ന കാര്യങ്ങളിൽ പ്രസാധകരെ കേൾക്കാനും അവർക്കു മറുപടിയും വിശദീകരണങ്ങളും സമിതി മുൻപാകെ സമർപ്പി ക്കാനും സംവിധാനമുണ്ടാകും.

**44. പരാതി / അപ്പീൽ അന്തിമമായി എങ്ങനെ പരിഹരിക്കും?**

മന്ത്രാലയത്തിന് ഇനിപ്പറയുന്ന ശുപാർശകൾ നൽകാൻ സമിതിക്കു കഴിയും:

- അത്തരം സ്ഥാപനങ്ങൾക്കു മുന്നറിയിപ്പ് നൽകുക, ഗുണദോ ഷിക്കുക, ഉദ്ബോധിപ്പിക്കുക അല്ലെങ്കിൽ ശാസിക്കുക; അഥവാ
- അത്തരം സ്ഥാപനങ്ങളുടെ ക്ഷമാപണം ആവശ്യമാണ് എന്നു ചൂണ്ടിക്കാണിക്കുക; അഥവാ
- ഒരു മുന്നറിയിപ്പ് കാർഡോ നിരാകരണിയോ ഉൾപ്പെടുത്താൻ അത്തരം സ്ഥാപനങ്ങളോട് ആവശ്യപ്പെടുക; അഥവാ
- ഓൺലൈൻ വിദഗ്ധ ഉള്ളടക്കത്തിന്റെ കാര്യത്തിൽ പ്രസാധകനെ നിർദേശിക്കുക:
    - പ്രസക്തമായ ഉള്ളടക്കത്തിന്റെ വർഗീകരണം വീണ്ടും തരംതിരിക്കുന്നതിന്; അഥവാ

- ○ പ്രസക്തമായ ഉള്ളടക്കത്തിന്റെ സംഗ്രഹം എഡിറ്റുചെയ്യുന്നതിന്; അഥവാ
- ○ ഉള്ളടക്ക വിവരണം, പ്രായ വർഗ്ഗീകരണം, രക്ഷാകർതൃ അല്ലെങ്കിൽ ലഭ്യതാ നിയന്ത്രണം എന്നിവയിൽ ഉചിതമായ പരിഷ്ക്കരണം നടത്തുന്നതിന്;

- പൊതുക്രമവുമായി ബന്ധപ്പെട്ട ഒരു അറിവുള്ള കുറ്റകൃത്യം ചെയ്യാൻ പ്രേരിപ്പിക്കുന്നത് തടയുന്നതിനായി ഉള്ളടക്കം ഒഴിവാക്കു ന്നതിനോ പരിഷ്കരിക്കുന്നതിനോ;
- നിയമത്തിന്റെ വകുപ്പ് 69 എയിലെ ഉപവകുപ്പി(1)ൽ പറഞ്ഞിരി ക്കുന്ന കാരണങ്ങളുമായി ബന്ധപ്പെട്ട് നടപടിയെടുക്കേണ്ടതു ണ്ടെന്ന് സമിതി കരുതുന്ന ഉള്ളടക്കത്തിന്റെ കാര്യത്തിൽ അത്തരം നടപടി ശുപാർശ ചെയ്യാവുന്നതാണ്.

**45. പരാതി / അപ്പീൽ എങ്ങനെ പരിഹരിക്കും ?**

മന്ത്രാലയം വിവിധ വകുപ്പുകൾ ഉൾപ്പെട്ട സമിതിയുടെ ശുപാർശകൾ പരിഗണിക്കുകയും പ്രസാധകൻ അനുസരിക്കേണ്ട ഉത്തരവുകൾ/ നിർദ്ദേക ങ്ങൾ നൽകുകയും ചെയ്യും.

**46. ഗവൺമെന്റ് ഉള്ളടക്കം തടയുന്നത് ഒരു പുതിയ വ്യവസ്ഥയാണോ ?**

ഉള്ളടക്കം തടയാനുള്ള വ്യവസ്ഥ പുതിയതല്ല. ഐടി നിയമത്തിലെ സെക്ഷൻ 69 എ പ്രകാരം ഇത് നിലവിലുണ്ട്. കഴിഞ്ഞ 11 വർഷമായി, ഇൻഫർമേഷൻ ടെക്നോളജി (പൊതുജനങ്ങൾ വിവരങ്ങൾ നേടിയെ ടുക്കുന്നതു തടയലും നടപടിക്രമങ്ങളും) ചട്ടം 2009 പ്രകാരം ഇലക്ട്രോണിക് സ് ഐ.ടി. മന്ത്രാലയം സെക്രട്ടറി ഈ വ്യവസ്ഥ നടപ്പിലാക്കുന്നു. വിവരസാങ്കേതിക വിദ്യ (മധ്യതല മാർഗ്ഗനിർദ്ദേശങ്ങളും ഡിജിറ്റൽ മീഡിയ നൈതിക നിയമാവലിയും) ചട്ടങ്ങൾ പ്രകാരം ഇത് ഐ ആൻഡ് ബി മന്ത്രാലയ സെക്രട്ടറി നടത്തുമെന്നേ ഉള്ളൂ. ഇതിനു കാരണം ഈ ചട്ടങ്ങ ളുടെ ഭാഗം മൂന്ന് വാർത്താവിതരണ പ്രക്ഷേപണ മന്ത്രാലയമായിരിക്കും നടപ്പാക്കുന്നത് എന്നതാണ്.

**47. ഉള്ളടക്കം തടയുന്നതുമായി ബന്ധപ്പെട്ട സുരക്ഷാ മാർഗങ്ങൾ എന്തൊക്കെയാണ്?**

69 എ വകുപ്പ് പ്രകാരം, തടയുന്നതിനുള്ള വ്യവസ്ഥകൾ നടപ്പാക്കുന്നതിന് മുമ്പ് മതിയായ നടപടിക്രമങ്ങൾ ഉണ്ടെന്ന് ശ്രേയ സിംഘാൾ വിധി ന്യായ

ത്തിൽ ബഹുമാനപ്പെട്ട സുപ്രീം കോടതി വിലയിരുത്തി. ഈ നിയമങ്ങൾ പുതിയ നിയമങ്ങളിൽ നിലനിർത്തുന്നു. സുരക്ഷാ മാർഗങ്ങളിൽ ഇവ ഉൾപ്പെടുന്നു:

- ഭരണഘടനയുടെ ആർട്ടിക്കിൾ 19(2)ൽ പറഞ്ഞിരിക്കുന്നതുപോലെ അഭിപ്രായ സ്വാതന്ത്ര്യത്തിന് ന്യായമായ നിയന്ത്രണങ്ങളുള്ള ചില പ്രത്യേക കാരണങ്ങളാൽ മാത്രമേ തടയാൻ കഴിയൂ. ഇന്ത്യയുടെ പരമാധികാരവും സമഗ്രതയും, സംസ്ഥാനത്തിന്റെ സുരക്ഷ, വിദേശ രാജ്യങ്ങളുമായുള്ള സൗഹൃദ ബന്ധം തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു.
- വനിതാ-ശിശു വികസന മന്ത്രാലയം, നിയമ-നീതി മന്ത്രാലയം, പ്രതിരോധ മന്ത്രാലയം, വിദേശകാര്യ മന്ത്രാലയം മുതലായവയുടെ പ്രതിനിധികളുള്ള ഒരു സമിതിയിൽ നിന്ന് ഉള്ളടക്കം തടയുന്നതിനുള്ള ശുപാർശ വരണം.
- ബന്ധപ്പെട്ട പ്രസാധകന് അവരുടെ മറുപടിയും വിശദീകരണങ്ങളും സമിതിക്ക് മുന്നിൽ ഹാജരാക്കാനും സമർപ്പിക്കാനും നിയമങ്ങൾ അവസരമൊരുക്കുന്നു- അത്തരം വിവരങ്ങൾ തടയേണ്ടത് ആവശ്യമാണോ അല്ലയോ എന്ന് പരിശോധിക്കുന്നു. അത്തരമൊരു ആവശ്യകത ഉണ്ടെന്ന് സമിതി കണ്ടെത്തുമ്പോഴാണ് തടഞ്ഞുള്ള ഉത്തരവ് നൽകുന്നത്.
- ഉള്ളടക്കം തടയുന്നതിനുള്ള കാരണങ്ങൾ രേഖാമൂലം രേഖപ്പെടു ത്തേണ്ടതുണ്ട്.

**ഭാഗം ആറ് : മറ്റു ഘടകങ്ങൾ**

**48. നൈതിക നിമയാവലിയും മറ്റു ഘടകങ്ങളുമായും ബന്ധപ്പെട്ട കാര്യങ്ങൾക്ക് പ്രസാധകർ എങ്ങനെയാണ് മന്ത്രാലയവുമായി ആശയവിനിമയം നടത്തുകയും ഏകോപിപ്പിക്കുകയും ചെയ്യേണ്ടത് ?**

മന്ത്രാലയത്തിന് വിവരങ്ങൾ നൽകിക്കൊണ്ട് പ്രസാധകർ അവരുടെ സ്ഥാപനത്തിന്റെ വിശദാംശങ്ങൾ മന്ത്രാലയത്തെ അറിയിക്കും.

**49. പ്രസാധകരും ഇടനിലക്കാരും പൊതു ജനങ്ങൾക്കു ലഭ്യമാകുംവിധം പ്രദർശിപ്പിക്കേണ്ട കാര്യങ്ങൾ ഏതാണ് ?**

പ്രസാധകരും സ്വയം നിയന്ത്രിക്കുന്ന സംഘടനകളും അവർക്ക് ലഭിച്ച പരാതികൾ, പരാതികൾ പരിഹരിക്കുന്ന രീതി, പരാതിയിൽ സ്വീകരിച്ച

നടപടി, പരാതിക്കാരന് അയച്ച മറുപടി തുടങ്ങിയവ പ്രതിമാസ അടിസ്ഥാനത്തിൽ വെളിപ്പെടുത്തും.

**ഭാഗം ഏഴ് : മന്ത്രാലയത്തിലെ ബന്ധപ്പെടേണ്ട ഇടങ്ങൾ**

**50. എന്തെങ്കിലും വ്യക്തത വരുത്തേണ്ട ആവശ്യമോ സംശയമോ ഉണ്ടെങ്കിൽ വാർത്താവിതരണ-പ്രക്ഷേപണ മന്ത്രാലയത്തിൽ ആരെയാണ് ബന്ധപ്പെടാനാവുക ?**

എന്തെങ്കിലും വ്യക്തത വരുത്തേണ്ട ആവശ്യമോ സംശയമോ ഉണ്ടെങ്കിൽ ഇനിപ്പറയുന്ന ഉദ്യോഗസ്ഥരെ ഇ-മെയിൽ വഴി ബന്ധപ്പെടാം:

- വാർത്താ പ്രക്ഷേപണ മന്ത്രാലയം ഡെപ്യൂട്ടി സെക്രട്ടറി (ഡിജിറ്റൽ മീഡിയ) ശ്രീ അമരേന്ദ്ര സിംഗ്. ഇ-മെയിൽ വിലാസം:

  amarendra.singh@nic.in

- വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയത്തിന്റെ അസിസ്റ്റന്റ് ഡയറക്ടർ (ഡിജിറ്റൽ മീഡിയ) ശ്രീ ക്ഷിതിജ് അഗർവാൾ.

  ഇ-മെയിൽ വിലാസം: kshitij.aggarwal@gov.in

***നിയമങ്ങളെക്കുറിച്ചുള്ള എല്ലാ വിവരങ്ങളും വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയത്തിന്റെ വെബ്സൈറ്റിൽ ലഭ്യമാണ് https://mib.gov.in/***

******